വൈദ്യുതി വിതരണ മേഖല

32 (2233) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും സഞ്ചിത സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനും ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വൈ. ഉൾപ്പെടെ 2013-14 ബഡ്ജറ്റിൽ നീക്കിവച്ച 800 കോടി രൂപ പ്രസ്തുത ആവശ്യങ്ങൾക്കായി തൻ വർഷം ചെലവഴിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത വർഷം 4.68 ലക്ഷം പുതിയ സർവ്വീസ് കണക്ഷൻ നൽകുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-2014-ൽ RAPDRP, RGGVY പദ്ധതികൾക്കായി നീക്കിവച്ച തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു:

പദ്ധതിയുടെ പേര്	ബഡ്ജറ്റ് വിഹിതം (രൂപ കോടിയിൽ) (2013-14)	ചെലവായ തുക (രൂപ കോടിയിൽ) (2013-14)
RAPDRP	225	117.95
RGGVY	81	58.15

(ബി&സി) RGGVY പദ്ധതിയിൽ 2013-14 കാലയളവിൽ ലക്ഷ്യമിട്ടിരുന്നത് 19452 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കാനായിരുന്നെങ്കിലും 30009 വീടുകൾ വൈദ്യുതീകരിക്കാൻ സാധിച്ചു. 2013-14 സാമ്പത്തിക വർഷത്തെ ബോർഡിന്റെ വാർഷിക പദ്ധതിയിൽ 458130 സർവ്വീസ് കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വൈദ്യുതി കണക്ഷനുവേണ്ടി യഥാർത്ഥമായി അപേക്ഷിച്ചവരുടെ എണ്ണം 4,15,216 മാത്രമായിരുന്നു. അപേക്ഷ നൽകിയ മുഴുവൻ പേർക്കും സർവ്വീസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly